REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാന നിയമസഭാ ഡെപ്യൂട്ടി സ്പീക്കറെ ചൊവ്വാഴ്ച തിരഞ്ഞെടുക്കും.**
- **കർണാടകയിൽ പുതിയ മുഖ്യമന്ത്രിയെ തിരഞ്ഞെടുക്കാൻ കോൺഗ്രസ് നിയമസഭാകക്ഷിയോഗം വൈകിട്ട് ചേരും.**
- **ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന എല്ലാ ജീവനക്കാരെയും ഗവൺമെന്റ് സംരക്ഷിക്കുമെന്ന് മന്ത്രി K മുരളീധരൻ.**
- **ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഇന്ന് സമാപനമാകും.**
- **IPL ക്രിക്കറ്റ് ഫൈനലിൽ നാളെ ഗുജറാത്ത് ടൈറ്റൻസ് നിലവിൽ ചാമ്പ്യൻമാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും**

## വാർത്തകൾ വിശദമായി

സംസ്ഥാന നിയമസഭാ ഡെപ്യൂട്ടി സ്പീക്കറെ ചൊവ്വാഴ്ച തിരഞ്ഞെടുക്കും. കോൺഗ്രസിലെ ഷാനിമോൾ ഉസ്മാനും, CPI യിലെ മുഹമ്മദ് മൊഹസിനുമാണ് മത്സരിക്കുന്നത്. അന്തരിച്ച മുൻ കേന്ദ്രമന്ത്രി KP ഉണ്ണികൃഷ്ണന് രണ്ടാം തിയതി നിയമസഭ ചരമോപചാരമർപ്പിക്കും. രണ്ട്, മൂന്ന്, നാല് തിയതികളിലാണ് ഗവർണറുടെ നയപ്രഖ്യാപനത്തിനുമേൽ അംഗങ്ങൾ നന്ദിപ്രമേയ ചർച്ച നടത്തുക. അടുത്ത മാസം 19 നാണ് UDF ഗവണ്മെന്റിന്റെ ആദ്യബജറ്റ് ധനമന്ത്രിയുടെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി VD സതീശൻ അവതരിപ്പിക്കുക. 22,23,24 തിയതികളിലാണ് ബജറ്റ് ചർച്ച. തുടർന്ന് കാര്യപരിപാടികൾക്കായി 29 നും 30 നും സഭ ചേരും.

✪✪✪

പശ്ചിമേഷ്യൻ സംഘർഷം കണക്കിലെടുത്ത് കുറഞ്ഞത് 30 ദിവസത്തെയെങ്കിലും LPG കരുതൽ ശേഖരം ഉറപ്പുവരുത്തണമെന്ന് പൊതുമേഖലാ എണ്ണ കമ്പനികളോട് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടു. രാജ്യത്തെ LPG ഉൽപ്പാദനം പ്രതിദിനം 92,000 മെട്രിക് ടണ്ണായി വർധിച്ച് റെക്കോർഡ് നേട്ടം കൈവരിച്ചതായി പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു.

✪✪✪

ഉടമസ്ഥരെ കണ്ടെത്താൻ കഴിയാത്ത ബാങ്ക് ആസ്തികളെക്കുറിച്ച് എളുപ്പത്തിൽ വിവരങ്ങൾ ലഭ്യമാക്കാൻ ധനകാര്യ സേവന വകുപ്പ്, പോർട്ടൽ തുടങ്ങി. രാജ്യത്തെ പന്ത്രണ്ടു പൊതുമേഖലാ ബാങ്കുകൾക്ക് കീഴിലെ സംയുക്ത സംരംഭമായാണ് പോർട്ടൽ വികസിപ്പിച്ചത്.

ഉടമസ്ഥരില്ലാത്ത ബാങ്ക് നിക്ഷേപങ്ങൾ, ഇൻഷുറൻസ് ക്ലെയിമുകൾ, ഓഹരികൾ, ഡിവിഡന്റുകൾ, മ്യൂച്ചൽ ഫണ്ടുകൾ തുടങ്ങിയവയുടെ വിവരങ്ങൾ പോർട്ടലിൽ ലഭ്യമാകും.

✪✪✪

കർണാടകയിൽ പുതിയ മുഖ്യമന്ത്രിയെ തിരഞ്ഞെടുക്കാൻ കോൺഗ്രസ് നിയമസഭാകക്ഷിയോഗം വൈകിട്ട് ചേരും. മുഖ്യമന്ത്രി സിദ്ധരാമയ്യ സമർപ്പിച്ച രാജിക്കത്ത് ഗവർണർ താവർചന്ദ് ഗെലോട്ട് സ്വീകരിച്ച പശ്ചാത്തലത്തിലാണ് യോഗം. പുതിയ നേതാവിനെ തിരഞ്ഞെടുക്കുന്നതുവരെ കാവൽ മുഖ്യമന്ത്രിയായി സിദ്ധരാമയ്യയോട് തുടരാൻ ഗവർണർ ആവശ്യപ്പെട്ടിട്ടുണ്ട്.

DK ശിവകുമാറിനെ പുതിയ മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കുന്നതിന് 136 MLA മാരോടും നിയമസഭാകക്ഷി യോഗത്തിൽ പങ്കെടുക്കാൻ കോൺഗ്രസ് ആവശ്യപ്പെട്ടിട്ടുണ്ട്. കർണാടകയുടെ ചുമതല വഹിക്കുന്ന AICC ജനറൽ സെക്രട്ടറി രൺദീപ് സിംഗ് സുർജേവാല കേന്ദ്ര നിരീക്ഷകനായി യോഗത്തിൽ പങ്കെടുക്കും.

✪✪✪

ഇന്ന് ഗോവ 29-ാം സംസ്ഥാന രൂപീകരണ ദിനം. ദിനാചരണത്തിൽ ഗോവയിലെ ജനങ്ങൾക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ആശംസകൾ നേർന്നു. സമ്പന്നമായ സാംസ്കാരിക പൈതൃകത്തിനും ഊഷ്മളമായ ആതിഥ്യ മര്യാദയ്ക്കും, സ്റ്റാർട്ടപ്പുകൾ സുസ്ഥിര വികസനം എന്നിവയിലെ ശ്രദ്ധേയ പുരോഗതിക്കും ഗോവ പ്രശസ്തമാണെന്ന് രാഷ്ട്രപതി പറഞ്ഞു.

സാംസ്കാരിക പാരമ്പര്യത്തിനും, പ്രകൃതിസൗന്ദര്യത്തിനും പേരുകേട്ട ഗോവ, രാജ്യ പുരോഗതിയ്ക്ക് മഹത്തായ സംഭാവനയാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി സന്ദേശത്തിൽ പറഞ്ഞു.

✪✪✪

CBSE-യുടെ റിസൽട്ടാനന്തര പോർട്ടൽ മറ്റന്നാൾ പ്രവർത്തനമാരംഭിക്കും. ഉത്തരക്കടലാസ് പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും, സുതാര്യതയും പ്രശ്ന രാഹിത്യവും ഉറപ്പാക്കുകയാണ് പോർട്ടലിന്റെ ലക്ഷ്യമെന്ന് CBSE കേന്ദ്രങ്ങൾ അറിയിച്ചു. മൂല്യനിർണയത്തിന്റെ ഉയർന്ന നിലവാരം നടപടിയിലൂടെ സാധ്യമാകുമെന്ന് CBSE വ്യക്തമാക്കി.

✪✪✪

കുട്ടികൾക്ക് ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുന്നതിന് കർശനമായ നിയന്ത്രണങ്ങളും മേൽനോട്ടവും അനിവാര്യമാണെന്ന് ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക് പറഞ്ഞു. ഡിജിറ്റൽ ലോകം കുട്ടികൾക്ക് പഠനത്തിനും സർഗ്ഗാത്മകതയ്ക്കും അവസരം നൽകുമ്പോൾ തന്നെ അവരുടെ സുരക്ഷയ്ക്കും സ്വകാര്യതയ്ക്കും ഭീഷണിയുമാകുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. സാമൂഹിക മാധ്യമങ്ങൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തുന്നതിന് പകരം, പ്ലാറ്റ്ഫോമുകൾ രൂപകൽപ്പന ചെയ്യുമ്പോൾ തന്നെ സുരക്ഷ ഉറപ്പാക്കണമെന്നും, വിവരങ്ങൾ സംരക്ഷിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

✪✪✪

വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ പ്രഥമ ഉത്തരവാദിത്തം വനം വകുപ്പിന് തന്നെയാണെന്ന് മന്ത്രി ഷിബു ബേബി ജോൺ കൊല്ലത്ത് പറഞ്ഞു. ഒരാഴ്ചക്ക് ഇടെ മൂന്നാമത്തെ മരണമാണ് അതിരപ്പിള്ളിയിൽ നടന്നതെന്ന് മന്ത്രി പറഞ്ഞു. ഫെൻസിംഗ് മറികടന്നാണ് അവിടെ കാട്ടാന ആക്രമണം നടന്നത്. ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്ന് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന എല്ലാ ജീവനക്കാരെയും ഗവൺമെന്റ് സംരക്ഷിക്കുമെന്ന് മന്ത്രി K മുരളീധരൻ പറഞ്ഞു. സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രി പരിസരങ്ങളിൽ ശുചിത്വം ഉറപ്പാക്കാൻ നടപ്പാക്കുന്ന ജനകീയ മഹാ ശുചീകരണ പ്രവർത്തനം "തുടക്കം"

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന വകുപ്പാണ് ആരോഗ്യ വകുപ്പെന്നും എല്ലാ ശുചീകരണ തൊഴിലാളികളും "തുടക്കം" പദ്ധതിയുടെ ജീവനാഡി ആണെന്നും മന്ത്രി പറഞ്ഞു. ആശുപത്രികളിൽ രോഗികൾ  നിലത്ത് രോഗികൾ കിടുക്കുന്ന അവസ്ഥ ഇല്ലാതാക്കുകയാണ് ഗവൺമെന്റിന്റെ അടുത്ത ലക്ഷ്യമെന്നും അതിന്റെ പ്രവർത്തങ്ങൾ ഉടൻ  ആരംഭിക്കുമെന്നും മുരളീധരൻ അറിയിച്ചു.

✪✪✪

ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഇന്ന് സമാപനമാകും. മുഴുവൻ തീർത്ഥാടകരും ഇന്ന് മിനായോട് വിട പറയും. ചൊവ്വാഴ്ച മുതലാണ് ഇന്ത്യൻ ഹാജിമാരുടെ മടക്കയാത്ര. കേരളത്തിൽ നിന്ന് ഹ്രസ്വ ഹജ്ജിന് നേരിട്ട് ജിദ്ദയിലെത്തിയവരുടെ മദീന സന്ദർശനം ജൂൺ ഏഴിനാണ് ആരംഭിക്കുക. ഇവർ മൂന്നു ദിവസം മദീനയിൽ തങ്ങിയ ശേഷം നാട്ടിലേക്ക് തിരിക്കും.

✪✪✪

സൗദി ഹജ്ജ്-ഉംറ മന്ത്രാലയത്തിൽ നിന്ന് ഇന്ത്യൻ ഹജ്ജ് മിഷന് രണ്ട് ലബ്ബയ്ത്തും അവാർഡുകൾ ലഭിച്ചതായി കേന്ദ്രമന്ത്രി കിരൺ റിജിജു. ഹജ്ജ് ഏകോപനത്തിലും ആശയവിനിമയത്തിലും മികവ് പുലർത്തിയതിനാണ് ആദ്യമായി ഇങ്ങനെയൊരു അവാർഡ് ലഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

തിരുവനന്തപുരം പത്മനാഭ സ്വാമി ക്ഷേത്രത്തിലെ വിഷയം ഗവണ്മെന്റ് കൂടുതൽ ഗൗരവത്തോടെ ചർച്ച ചെയ്യുമെന്ന് മന്ത്രി K  മുരളീധരൻ പറഞ്ഞു. ഒരു ക്ഷേത്ര സ്വത്തും അപഹരിക്കാൻ  പാടില്ലെന്നും  ആഭ്യന്തര വകുപ്പുമായി ആലോചിച്ച് ഗവണ്മെന്റ് ഇക്കാര്യത്തിൽ അന്വേഷണം നടത്തുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ MP യുമായ  KP ധനപാലന്റെ സംസ്കാരം വൈകിട്ട് പറവൂരിൽ നടത്തും. ഇന്ന് പുലർച്ചെ പറവൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു 76-കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

KPCC രാഷ്ട്രീയ കാര്യ സമിതി അംഗമാണ്. KPCC വൈസ് പ്രസിഡന്റ്, എറണാകുളം DCC പ്രസിഡന്റ്, UDF ജില്ല ചെയർമാൻ, മിൽമ ക്ഷേമ നിധി ബോർഡ് സ്ഥാപക ചെയർമാൻ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. ആറുവർഷം എറണാകുളം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റായി

പ്രവർത്തിച്ചിട്ടുണ്ട്. 2009ൽ ചാലക്കുടിയിൽ നിന്നാണ് ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെടുന്നത്. ഭൗതികദേഹം രാവിലെ 11 മണിമുതൽ പറവൂർ മുനിസിപ്പൽ ടൗൺ ഹാളിൽ പൊതു ദർശനത്തിന് വെക്കും. സംസ്കാരം

മുഖ്യമന്ത്രി VD സതീശനും പ്രതിപക്ഷനേതാവ് പിണറായി വിജയനും മറ്റ് പ്രമുഖരും KP ധനപാലന്റെ നിര്യാണത്തിൽ അനുശോചിച്ചു.

✪✪✪

ഇന്നലെ രാത്രി അന്തരിച്ച മുൻ മന്ത്രിയും, കേരളാ കോൺഗ്രസ് ഡപ്യൂട്ടി ചെയർമാനുമായിരുന്ന T.U കുരുവിളയുടെ സംസ്കാരം നാളെ ഉച്ച കഴിഞ്ഞ് കോതമംഗലം ചേലാട് സെന്റ് സ്റ്റീഫൻസ് ബെസനിയ വലിയപള്ളിയിൽ നടത്തും.

ശ്വാസകോശ രോഗത്തെ തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു 89 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. അരുനൂറ്റാണ്ടിലേറെ രാഷ്ട്രീയ-പൊതുമേഖലകളിലെ സജീവ സാന്നിധ്യമായിരുന്നു TU കുരുവിള. 2006 ലും 2011 ലും കോതമംഗലത്തുനിന്ന് നിയമസഭയിലെത്തി. 2016ൽ മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 2006-ൽ VS അച്യുതാനന്ദൻ മന്ത്രിസഭയിൽ പൊതുമരാമത്ത് മന്ത്രിയായിരുന്നു. പ്ലാന്റേഷൻ കോർപ്പറേഷൻ, ഹൗസിംഗ് ബോർഡ് എന്നിവയുടെ ചെയർമാനായും പ്രവർത്തിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച കോഴിക്കോട് മുൻ മേയറും സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമായിരുന്ന TP ദാസന്റെ ഭൗതികദേഹം വൈകിട്ട് 5 മുതൽ കോഴിക്കോട്ടെ അശോകപുരത്തെ വീട്ടിലും, നാളെ രാവിലെ 8 മുതൽ ഒമ്പതര വരെ CPIM ജില്ലാ കമ്മിറ്റി ഓഫീസിലും, അതിന് ശേഷം ടൗൺ ഹാളിലും പൊതുദർശനത്തിന് വെയ്ക്കും. തുടർന്ന് മാവൂർ റോഡ് ശ്മശാനത്തിൽ സംസ്കാരിക്കും.

✪✪✪

IPL ക്രിക്കറ്റ് ഫൈനലിൽ നാളെ ഗുജറാത്ത് ടൈറ്റൻസ് നിലവിൽ ചാമ്പ്യൻമാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. വൈകിട്ട് 7-30 ന് അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് മത്സരം.

രണ്ടാം ക്വാളിഫയറിൽ രാജസ്ഥാൻ റോയൽസിനെ തോൽപ്പിച്ചാണ് ഗുജറാത്ത് ടൈറ്റൻസ് ഫൈനലിൽ പ്രവേശിച്ചത്. ഒന്നാം ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസിനെ തോൽപ്പിച്ചാണ് റോയൽ ചലഞ്ചേഴ്സ് ബംഗലൂരു ആദ്യം ഫൈനലിസ്റ്റുകളായത്.

✪✪✪

കൊങ്കൺ പാതയിൽ മൺസൂൺ കാല ട്രെയിൻ സമയം അടുത്ത മാസം 15ന് നിലവിൽ വരും. ഇതനുസരിച്ച് ട്രെയിനുകളുടെ സമയത്തിൽ മാറ്റം വരും. ട്രെയിനുകൾ പതിവിലും വേഗം കുറച്ചാണ് സർവീസ് നടത്തുക. ഒക്ടോബർ 20 വരെയാണ് ട്രെയിനുകളുടെ സമയത്തിലെ മാറ്റം. മണ്ണിടിച്ചിൽ സാധ്യത മുൻനിർത്തി പ്രത്യേക പട്രോളിംഗിന് റെയിൽവെ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും തുറന്നിട്ടുണ്ട്.

✪✪✪

കോഴിക്കോട്ടെ  ആകാശവാണി, ദൂരദർശൻ നിലയങ്ങളുടെ പ്രോഗ്രാം മേധാവി K.V ശരത്ചന്ദ്രൻ  സർവീസിൽ നിന്ന് വിരമിച്ചു.  ആകാശവാണി നിലയങ്ങളിൽ 34 വർഷത്തെ സേവനത്തിനു ശേഷമാണ്  അദ്ദേഹം ഇന്നലെ വിരമിച്ചത്.

✪✪✪

പ്രജാപിതാ ബ്രഹ്മകുമാരീസ് ഈശ്വരീയ വിദ്യലയത്തിന്റെ 90-ാം വാർഷികത്തിന്റെ ഭാഗമായി ഒരുവർഷം നീളുന്ന  ആഘോഷങ്ങൾക്ക് നാളെ കോഴിക്കോട്ട് തുടക്കമാകും. സിറ്റി ഹൗസ് ഹാളിൽ K ജയന്ത് MLA പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

ഓൺലൈൻ ട്രേഡിങ്ങിൽ വൻ ലാഭം വാഗ്ദാനം ചെയ്ത് കൊല്ലം പുത്തൂർ സ്വദേശിയുടെ ഒരുകോടി 83 ലക്ഷം രൂപ തട്ടിയെടുത്ത കേസിലെ മുഖ്യപ്രതിയെ ഹിമാചൽ പ്രദേശിൽ നിന്ന് പിടികൂടി. ബാബാ നഗർ സ്വദേശി സൂര്യകാന്തിനെയാണ് കൊല്ലം റൂറൽ സൈബർ ക്രൈം ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പൊലീസ് സംഘം അറസ്റ്റ് ചെയ്തത്. പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

✪✪✪

ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ അനിൽ ചൗഹാൻ സൈനിക സേവനത്തിൽ നിന്നും വിരമിച്ചു. ന്യൂഡൽഹിയിലെ ദേശീയ യുദ്ധ സ്മാരകത്തിൽ ആചാരപരമായ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച ശേഷമായിരുന്നു രാജ്യത്തെ ഉന്നത സൈനിക പദവിയിൽ നിന്നും അദ്ദേഹം വിട വാങ്ങിയത്.

യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ച ശേഷം, സേന അദ്ദേഹത്തിന് ഗാർഡ് ഓഫ് ഓണർ നൽകി.

✪✪✪

അതിരപ്പിള്ളിയിൽ കാട്ടാന ആക്രമണത്തിൽ ഒരാൾ മരിച്ചു. വെറ്റിലപ്പാറ സ്വദേശി പുല്ലാർക്കാട്ട് മോഹനൻ ആണ് പുലർച്ചെ കാട്ടാനയെ ഓടിക്കാൻ ശ്രമിക്കുന്നതിനിടെ ആനയുടെ ആക്രമണത്തിൽ മരിച്ചത്.

✪✪✪

കൊച്ചി നഗരസഭയുടെ സുസ്ഥിര വികസനവും അടിസ്ഥാന സൗകര്യങ്ങളും ലക്ഷ്യമിടുന്ന ഒൻപത് മുൻഗണനാ പദ്ധതികളുടെ സമഗ്ര നിർദ്ദേശം മേയറുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് കൈമാറി. നഗരം നേരിടുന്ന ഗതാഗതക്കുരുക്ക്, കുടിവെള്ള ക്ഷാമം, മാലിന്യപ്രശ്നങ്ങൾ എന്നിവയ്ക്ക് ദീർഘകാല പരിഹാരം കാണുകയാണ് പദ്ധതികളുടെ ലക്ഷ്യം.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: മണികണ്ഠൻ*
*News Team: ശ്രീജി,*
*DEO : സി കെ സുബോധ്*